# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

www.rbi.org.in

ജൂൺ 5, 2018

**അഭ്യുദയ മഹിളാ അർബൻ സഹകരണ ബാങ്ക് ലിമിറ്റഡ്, ചന്നാ പാറ്റ്ന, കർണാടക - പിഴ ചുമത്തി.**

വായ്പകളും, അഡ്വാൻസുകളും ഡയറക്ടർമാർക്കും, അവരുടെ ബന്ധുക്കൾക്കും, അവർക്കു താല്പര്യമുള്ള സ്ഥാപന ങ്ങൾക്കും നൽകുന്നതു സംബന്ധിച്ച് റിസർവ് ബാങ്ക് സർക്കുലർ നം. ബി.പി.ഡി. 50/13.5.00/2002-03 പാരാ 3 പ്രകാരമുള്ള നിർദ്ദേശങ്ങൾ ലംഘിച്ചതിന് ബാങ്കിംഗ് റഗുലേഷൻ നിയമം 1949 (സഹകരണ ബാങ്കുകൾക്ക് ബാധകമായത്) സെക്ഷൻ 47 എ (1) (സി), സെക്ഷൻ 46 (4) എന്നീ വകുപ്പുകൾ പ്രകാരം ലഭിച്ച അധികാരം ഉപയോഗിച്ച് റിസർവ് ബാങ്ക് അഭ്യുദയ മഹിളാ അർബൻ സഹകരണ ബാങ്ക് ലിമിറ്റഡ്, ചന്നാ പാറ്റ്ന, കർണാടകയ്ക്ക് ഒരു ലക്ഷം രൂപ (രൂപ ഒരു ലക്ഷം മാത്രം) പിഴ ചുമത്തിയിരിക്കുന്നു.

റിസർവ് ബാങ്ക് കാരണം കാണിക്കാനുള്ള നോട്ടീസ് നൽകിയതിനെ തുടർച്ച ബാങ്ക് പേഴ്സണൽ ഹിയറിംഗിന് ആവശ്യമുന്നയിച്ചിരുന്നു. ഈ കേസിലെ വസ്തുതകൾ പരിഗണി ക്കുകയും ബാങ്കിന്റെ ഈ വിഷയത്തിലുള്ള നിവേദനം പരിഗണിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിയമലംഘനം ബോധ്യപ്പെടുകയും, പിഴ ചുമത്തേണ്ടത് ആവശ്യമാണെന്ന തീരുമാന ത്തിൽ എത്തിച്ചേരുകയും ചെയ്തിരിക്കുന്നു.

**അജിത് പ്രസാദ്**
അസിസ്റ്റൻറ് അഡ്വൈസർ

പത്ര പ്രസ്താവന: **2017- 2018/3182**